രക്ഷയുടെ പാതയിൽ-൬



6

# ഈശോയെ അനുഭവിച്ച ജനം

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി**

# ഉള്ളടക്കം


1. പ്രവചനങ്ങൾ പൂർത്തിയാകുന്നു
2. ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്
3. പ്രലോഭനങ്ങളെ അതിജീവിച്ച ഈശോ
4. ദൈവരാജ്യത്തിന്റെ സുവിശേഷമറിയിക്കുന്ന ഈശോ
5. ദൈവികമഹത്വം വെളിപ്പെടുത്തിയ ഈശോ
6. പാപികളെ തേടിവന്ന ഈശോ
7. നമ്മുടെ മുറിവുകൾ ഏറ്റെടുത്ത ഈശോ
8. നമുക്കുവേി മരിച്ച ഈശോ
9. ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ
10. മരണത്തെ ജയിച്ച ഈശോ
11. എമ്മാവൂസ് അനുഭവം
12. എന്റെ കർത്താവേ, എന്റെ ദൈവമേ
13. സ്വർഗ്ഗാരോഹണവും പ്രേഷിതദൗത്യവും
14. പന്തക്കുസ്തായും വിശ്വാസപ്രഘോഷണവും
15. മഹത്ത്വീകൃതനായ ഈശോ

# ക്ഷമിക്കാൻ പഠിപ്പിച്ച ഈശോ




- ചമ്മട്ടി അടിച്ചും മുൾമുടി ധരിപ്പിച്ചും കുരിശിൽ തറച്ചും പരിഹസിച്ചും തന്നെ ദ്രോഹിച്ചവരോടു ക്ഷമിച്ചും അവർക്കായി പ്രാർത്ഥിച്ചും ഈശോ ശത്രുസ്നേഹത്തിന്റെ മഹത്തായ മാതൃക നൽകി.



# പുതിയ പ്രബോധനം

- ഈശോയുടെ കാലംവരെയും "കണ്ണിനു പകരം കണ്ണ്" പല്ലിനു പകരം പല്ല്" എന്നതായിരുന്നു നിയമം എന്നാൽ ഈശോ ഈ നിയമം തിരുത്തി. വലത്തുകരണത്ത് അടിക്കുന്നവന് ഇടത്തുകരണം കൂടി കാണിച്ചുകൊടുക്കാനും ഒരുമൈൽ ദൂരം പോകാൻ നിർബന്ധിക്കുന്നവന്റെ കൂടെ 2 മൈൽ പോകാനും ഈശോ പഠിപ്പിച്ചു. സ്നേഹിക്കുവാനും പീഡിപ്പിക്കുന്നവർക്കുമായി പ്രാർത്ഥിക്കുവാനും ഈശോ ഉദ്ബോധിപ്പിച്ചു.



# പരിധിയില്ലാത്ത ക്ഷമ

- "ഏഴല്ല, ഏഴ് എഴുപതു പ്രാവശ്യം" പരിധിയില്ലാതെ ക്ഷമിക്കണമെന്നാണ് ഇതുവഴി ഈശോ പഠിപ്പിക്കുന്നത്.



# കടങ്ങൾക്കു മോചനം

- "സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥനയിൽ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമേ എന്നാണു നമ്മൾ പ്രാർത്ഥിക്കുന്നത്. നമ്മുടെ നിരവധിയായ പാപങ്ങൾ ദൈവം ക്ഷമിക്കണമെങ്കിൽ നമ്മോടു മറ്റുള്ളവർ ചെയ്യുന്ന ദ്രോഹങ്ങൾ നമ്മൾ ക്ഷമിക്കണം.
- "നിങ്ങൾ സഹോദരനോട് ഹൃദയപൂർവ്വം ക്ഷമിക്കുന്നില്ലെങ്കിൽ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് നിങ്ങളോടും ഇതുപോലെ തന്നെ പ്രവർത്തിക്കും.

# ഈശോ നൽകിയ മാതൃക

- ഈശോ ക്ഷമിക്കാൻ പഠിപ്പിക്കുക മാത്രമല്ല ചെയ്തത്, മാതൃക കാണിച്ചുതരികയും ചെയ്തു. ചുംബനത്താൽ ഒറ്റിക്കൊടുക്കാൻ ചെന്ന യൂദാസിനെയും സ്നേഹിതാ എന്നു വിളിച്ചു. മൂന്നു പ്രാവശ്യം തള്ളിപ്പറഞ്ഞ പത്രോസിനെ സഭയുടെ തലവനായി നിയോഗിച്ചു. എല്ലാറ്റിനുമുപരി തന്നെ നിഷ്ക്കരുണം ക്രൂശിച്ചവരോട് പൂർണമായി ക്ഷമിക്കുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.
- ഇടത്ത് കിടന്ന കള്ളൻ അവനെ ശാസിക്കുകയും ഈശോയോട് നീ നിന്റെ രാജ്യത്തു പ്രവേശിക്കുമ്പോൾ എന്നെയും ഓർക്കണമേ എന്നപേക്ഷിക്കുകയും ചെയ്തു, ഈശോ അവന്റെ പാപങ്ങളെല്ലാം മറന്ന് നീ ഇന്ന് എന്നോടു കൂടെ പറുദീസായിൽ ആയിരിക്കും എന്ന് വാഗ്ദാനം ചെയ്തു .

## ബലിയർപ്പണവും ക്ഷമയും

- ക്ഷമിക്കാതെ മനസ്സിൽ വിരോധം വച്ച് അർപ്പിക്കുന്ന ബലികൾ ദൈവസന്നിധിയിൽ സ്വീകാര്യമല്ല. നീ ബലിപീഠത്തിൽ കാഴ്ചയർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് വിരോധം ഉണ്ടെന്ന് അവിടെവെച്ച് ഓർത്താൽ കാഴ്ച വസ്തു ബലിപീഠത്തിനു മുമ്പിൽ വച്ചിട്ട് പോയി സഹോദരനോടു രമ്യപ്പെടുക. പിന്നെ വന്ന് കാഴ്ചയർപ്പിക്കുക.

അനുരഞ്ജിതരായ് തീർന്നീടാം

നവമൊരു പീഠമൊരുക്കീടാം

ഗുരുവിൻ സ്നേഹമോടീയാഗം

തിരുമുൻപാകെ അണച്ചീടാം

- എന്നു നമ്മൾ പാടുമ്പോൾ നമുക്ക് ആരോടും ശത്രുതയില്ലെന്നും എല്ലാവരോടും ക്ഷമിച്ച് അനുരഞ്ജിതമായ മനസ്സോടെയാണു നിൽക്കുന്നതെന്നും ഏറ്റുപറയുകയാണു നമ്മൾ.
- കർത്താവ് നിങ്ങളോട് ക്ഷമിച്ചതുപോലെ നിങ്ങളും പരസ്പരം ക്ഷമിക്കുവിൻ (കൊളോ. 3:14).

# നമുക്കു പ്രാർത്ഥിക്കാം

തന്നെ ദ്രോഹിച്ചവർക്കായി കുരിശിൽ കിടന്ന്
പ്രാർത്ഥിച്ച കർത്താവേ, തിന്മയെ നന്മകൊണ്ടു ജയിക്കുവാൻ
ഞങ്ങളെ ശക്തരാക്കണമേ.

## നമുക്കു പാടാം



നന്മനിറഞ്ഞൊരു പാതയിലൂടെ
സത്യത്തിൻ തെരുവീഥിയിലൂടെ
ക്ഷമ, വിനയാദി തടങ്ങളിലൂടെ
വിശ്വാസത്തിൻ സരണിയിലൂടെ
സ്നേഹത്തിൻ ചുവടടികളിലൂടെ
പായുക നീ നിൻ ലക്ഷ്യം നേടാൻ.

# ദൈവവചനം വായിക്കാം

# വിവരിക്കാം

(മത്താ. 18:21-35)



# വഴികാട്ടാൻ ഒരു തിരുവചനം

**മറ്റുള്ളവരുടെ തെറ്റുകൾ നിങ്ങൾ ക്ഷമിക്കുമെങ്കിൽ**

**സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്**

**നിങ്ങളോടും ക്ഷമിക്കും.**

(മത്താ. 6:14)

# എന്റെ തീരുമാനം

**എന്നെ  ദ്രോഹിക്കുന്നവരോടു പ്രതികാരം ചെയ്യാതെ ഞാൻ ക്ഷമിക്കും.**

Thank you